**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 355** **06-03-2023 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.യുടെ പ്രവർത്തന ലാഭം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എം.കെ . മുനീർ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ. യു.എ.ലത്തീഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | 2021-22 വർഷത്തെ ഓഡിറ്റ് പ്രകാരം കെ.എസ്.ഇ.ബി. ലാഭത്തിലാണോ പ്രവർത്തിക്കുന്നത്; വിശദമാക്കുമോ; | (എ) | അതെ.<br><br>2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് നടത്തിയ കണക്കുകൾ പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തനലാഭം 736.27 കോടി രൂപയാണ്. |
| (ബി) | ലാഭത്തിലായിട്ടും നാല് വർഷം തുടർച്ചയായി വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കണമെന്ന ആവശ്യം റെഗുലേറ്ററി കമ്മീഷന് മുമ്പിൽ സമർപ്പിച്ചിരുന്നോ; ഓരോ വർഷവും വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ച തുക എത്ര വീതമാണെന്ന് അറിയിക്കുമോ; | (ബി) | കെ.എസ്.ഇ.ബി. ലിമിറ്റഡിന് 2021-22-ൽ 736.27 കോടി രൂപ പ്രവർത്തന ലാഭമുണ്ടെങ്കിൽ തന്നെ 01.04.2022-ലെ സഞ്ചിത നഷ്ടം 5304.37 കോടി രൂപയാണ്. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിനു വേണ്ടി രൂപീകരിച്ച Pension Master Trust മൂലമുള്ള ബാധ്യത (13896.02 കോടി രൂപ) കൂടി കണക്കിലെടുത്താൽ സഞ്ചിത നഷ്ടം 31.03.2022-ൽ ഏകദേശം 19200.39 കോടി രൂപയാണ്. ഇക്കാരണങ്ങൾ കൂടി കണക്കിലെടുത്താണ് 2021-22-ൽ പ്രവർത്തന ലാഭമുണ്ടെങ്കിൽ തന്നെ താരിഫ് പരിഷ്കരണ നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ടി വന്നത്.<br><br>കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 2003 ലെ ഇലക്ട്രിസിറ്റി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം പൊതുജനങ്ങളുടെയും മറ്റ് ബന്ധപ്പെട്ടവരുടേയും അഭിപ്രായങ്ങൾ തേടിയും പൊതു തെളിവെടുപ്പുകൾ നടത്തിയുമാണ് താരിഫ് പെറ്റീഷനിൽ അന്തിമ തീരുമാനമെടുക്കുന്നത്.<br><br>2023-24 മുതൽ 2026-27 വരെയുള്ള നാല് സാമ്പത്തിക വർഷങ്ങളിലേക്ക് വൈദ്യുതി നിരക്കുകൾ പരിഷ്കരിക്കുന്നതിനായി 08.02.2023 -ൽ കെ. എസ്. ഇ.ബി.ലിമിറ്റഡ് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ പെറ്റീഷൻ സമർപ്പിച്ചിട്ടുണ്ട്. വർദ്ധനവിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. |

| **വർഷം** | **അധിക വരുമാനം (കോടി രൂപ )** | **വർദ്ധനവ് (%)** | **വർദ്ധനവ് / യൂണിറ്റ് (പൈസ)** |
|---|---|---|---|
| **2023-24** | 1044.43 | 6.19 | 41 |

<table>
<tr><td></td><td></td><td></td><td>
<table>
<tr><td>(Proposal)</td><td></td><td></td><td></td></tr>
<tr><td>2024-25 (Proposal)</td><td>834.17</td><td>4.50</td><td>31</td></tr>
<tr><td>2025-26 (Proposal)</td><td>472.64</td><td>2.36</td><td>17</td></tr>
<tr><td>2026-27 (Proposal)</td><td>29.80</td><td>0.14</td><td>1</td></tr>
</table>
റെഗുലേറ്ററി കമ്മീഷൻ താരിഫ് നിർണ്ണയിക്കുന്നത്, കെ.എസ്.ഇ.ബി.ലിമിറ്റഡ് സമർപ്പിക്കുന്ന പ്രതീക്ഷിത വരവു ചെലവു കണക്കുകളെ സംബന്ധിച്ച പെറ്റീഷനെ അടിസ്ഥാനപ്പെടുത്തിയാണ്. വൈദ്യുതി നിയമം 2003, ദേശീയ താരിഫ് നയം, 2016 കമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ എന്നിവ പ്രകാരം വിശദമായ പരിശോധന നടത്തിയാണ് വരവു ചെലവു കണക്കുകൾ നിർണ്ണയിച്ച് റവന്യൂ കമ്മി തീരുമാനിക്കുന്നത്. ടി റവന്യൂ കമ്മി നികത്തുന്നതിനാണ് സംസ്ഥാന റഗുലേറ്ററി കമ്മീഷൻ താരിഫ് വർദ്ധന അനുവദിക്കുന്നത്..ലൈസൻസിയുടെ ചെലവിനങ്ങൾ കണക്കാക്കുമ്പോൾ വൈദ്യുതി വാങ്ങൽ ചെലവ് മാത്രമല്ല മറിച്ച് വൈദ്യുതി ഉൽപാദന ചെലവ്, പ്രസരണ ചെലവ്, ജീവനക്കാരുടെ വേതന ചെലവുകൾ (O&M Expenses), പലിശ ചെലവുകൾ പെൻഷൻ മാസ്റ്റർ ട്രസ്റ്റിലേക്കുള്ള വിഹിതം, തേയ്മാന ചിലവുകൾ (Depreciation), മുടക്കു മുതലിനുള്ള ലാഭവിഹിതം (Return on Equity) എന്നിവ കൂടി കണക്കിലെടുക്കും.
</td></tr>
<tr><td>(സി)</td><td>ഇങ്ങനെ ആവശ്യപ്പെടേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; നിരക്ക് വർദ്ധനവിൽ നിന്നും പിൻമാറാൻ ആവശ്യമായ നിർദേശം നൽകുമോ എന്ന് അറിയിക്കുമോ?</td><td>(സി)</td><td>റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്ത് ആദ്യമായി വൈദ്യുതി താരിഫ് പരിഷ്കരണം നടന്നിട്ടുള്ളത് 2002-ലാണ്. പ്രസ്തുത പരിഷ്കരണം കഴിഞ്ഞ് പത്ത് വർഷ കാലയളവിനു ശേഷം 2012-ലാണ് അടുത്ത താരിഫ് പരിഷ്കരണം നടന്നത്. പിന്നീട് 2013, 2014, 2017,2019,2022 എന്നീ വർഷങ്ങളിലും താരിഫ് പരിഷ്കരണം നടന്നിട്ടുണ്ട്. 2012 ൽ 24%, 2013 ൽ 9.1%, 2014 ൽ 6.7%, 2017 ൽ 4.77% 2019 ൽ 7.32%, 2022 ൽ 6.59% എന്നിങ്ങനെയായിരുന്നു വർദ്ധനവ്. എന്നിരുന്നാലും ഈ താരിഫ് പരിഷ്കരണങ്ങളൊന്നും തന്നെ അന്ന് നിലവിലുണ്ടായിരുന്ന റവന്യൂ കമ്മി പൂർണ്ണമായും നികത്തുന്ന തരത്തിലായിരുന്നില്ല. കമ്മീഷൻ അംഗീകരിച്ചതും എന്നാൽ 2020-2021 വരെ താരിഫിലൂടെ നികത്താത്തതുമായ പഴയ കാല റവന്യൂ കമ്മി 7124 കോടിയോളം രൂപയായി നിലനിൽക്കുന്നു. ഈ മുൻകാല കമ്മി കുറഞ്ഞ അളവിലെങ്കിലും നികത്തിയില്ലെങ്കിൽ സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെയും നിലനിൽപ്പിനെയും തന്നെ ദോഷകരമായി ബാധിക്കും. 2016-ലെ ദേശീയ വൈദ്യുതി നയമനുസരിച്ച് ഇപ്രകാരം അംഗീകരിക്കപ്പെട്ട വരുമാന കമ്മി ഏറിയ പക്ഷം ഏഴ് വർഷം കൊണ്ട് അതിന്റെ പലിശ ഉൾപ്പെടെ നികത്തിയെടുക്കേണ്ടതാണ്.താരിഫ് റെഗുലേഷൻ, 2021 പ്രകാരം, കെ.എസ്.ഇ.ബി.ലിമിറ്റഡ് അഞ്ചു വർഷത്തേക്കുള്ള (2022 മുതൽ 2027 വരെ) പ്രതീക്ഷിത വരവു ചെലവ് കണക്കുകൾ 31.01.2022 നു വരവും ചെലവും തമ്മിലുള്ള അന്തരം (റവന്യൂ കമ്മി) നികത്തുന്നതിനുള്ള താരിഫ് പെറ്റീഷൻ 10.02.2022-നു സമർപ്പിച്ചിരുന്നു. റെഗുലേറ്ററി കമ്മീഷൻ, അഞ്ചു വർഷത്തേക്കുള്ള</td></tr>
</table>

റവന്യൂ കമ്മി നിജപ്പെടുത്തിയെങ്കിലും, ഒരു വർഷത്തേക്ക് മാത്രമേ താരിഫ് പരിഷ്കരണം 25.06.2022-ലെ ഉത്തരവ് പ്രകാരം അനുവദിച്ചു തന്നിരുന്നുള്ളൂ. റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച റെവന്യൂ ഗ്യാപ് താഴെ പറയും പ്രകാരമാണ്.

| വർഷം | റവന്യൂ ഗ്യാപ്പ് (കോടിയിൽ) |
|---|---|
| 2022-23 | 1927.20 |
| 2023-24 | 2939.09 |
| 2024-25 | 3020.30 |
| 2025-26 | 2837.26 |
| 2026-27 | 2882.09 |

25.06.2022 - ലെ റെഗുലേറ്ററി കമ്മീഷന്റെ എ.ആർ അർ ഉത്തരവിലൂടെ കെ എസ് ഇ ബി ലിമിറ്റഡിന്റെ 2022-23 ലെ റവന്യൂ ഗ്യാപ്പ് 1927.20 കോടി രൂപയായി നിജപ്പെടുത്തിയെങ്കിലും 1010.94 കോടി രൂപ മാത്രമാണ് താരിഫിലൂടെ ഈടാക്കാൻ അനുമതി നൽകിയിട്ടുള്ളത്. ജനങ്ങളുടെ മേലുള്ള അമിതഭാരം ഒഴിവാക്കാനാണ് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി മോശമാകുമെങ്കിൽ കൂടി ഇപ്രകാരം ഒരു ഉത്തരവു പുറപ്പെടുവിച്ചത്.

പ്രതിവർഷം 1010.94 കോടി രൂപ അധിക വരുമാനം ലഭിക്കത്തക്ക രീതിയിലുള്ള 6.58% വർധനയുള്ള താരിഫ് പരിഷ്കരണം ആണ് അനുവദിച്ചിട്ടുള്ളത്. 26.06.2022 മുതൽ മാത്രം പ്രാബല്യം വരുത്തിയതിനാൽ, ടി സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ..ബി. ലിമിറ്റഡിന് ഏകദേശം 760 കോടി രൂപ മാത്രം അധിക വരുമാനം ലഭ്യമാകുമെന്നാണ് കരുതുന്നത്. നിലവിലുള്ള താരിഫ് ഉത്തരവിന്റെ കാലാവധി 31.03.2023-ൽ അവസാനിക്കും.

01.04.2023 മുതലുള്ള താരിഫ്, കെ.എസ്.ഇ.ബി ലിമിറ്റഡ് സമർപ്പിക്കുന്ന പെറ്റീഷൻ പ്രകാരം കമ്മീഷൻ തീരുമാനമെടുക്കുന്നതാണെന്ന് റെഗുലേറ്ററി കമ്മീഷന്റെ എ.ആർ.ആർ. ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കമ്മീഷൻ അംഗീകരിച്ച റവന്യൂ ഗ്യാപ്പ് താരിഫ് പരിഷ്കരണത്തിലൂടെ ഈടാക്കിയില്ലെങ്കിൽ ചെലവിനങ്ങൾക്കായി ധനകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ടി വരും.

കൂടാതെ താരിഫ് ഉത്തരവിലൂടെ അനുവദിച്ചു തന്നതും, എന്നാൽ അതതു വർഷങ്ങളിൽ നികത്തപ്പെടാത്തതും, തുടർന്ന് 2022-27 കാലയളവിൽ റെവന്യൂ കമ്മി തീരുമാനിക്കുന്നതിന് പരിഗണിച്ചതുമായ 3350 കോടി രൂപ താരിഫിലൂടെ നികത്തപ്പെടേണ്ടതായിട്ടുണ്ട്. പണപ്പെരുപ്പം മൂലം വർദ്ധിച്ചുവരുന്ന പ്രവൃത്തി പരിപാലന ചെലവുകൾ, അവശ്യം നടത്തപ്പെടേണ്ട മൂലധനനിക്ഷേപ പ്രവൃത്തികൾക്കുള്ള ചെലവുകൾ, വൈദ്യുതി വാങ്ങൽ ചിലവുകൾ തുടങ്ങിയവ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ റവന്യൂ ഗ്യാപ്പ് വർദ്ധിപ്പിക്കുന്നു. ഈ സാഹചര്യത്തിലാണ്, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ 2023-27 കാലയളവിലേക്ക് താരിഫ് പരിഷ്കരിക്കുന്നതിനായി പെറ്റീഷൻ സമർപ്പിച്ചത്.

| | | | |
|---|---|---|---|
| | | | ബഹുഭൂരിപക്ഷം വരുന്ന ഗാർഹിക - കാർഷിക ഉപഭോക്താക്കൾക്ക് അമിത ഭാരം അടിച്ചേൽപിക്കാത്തതും എന്നാൽ കെ.എസ്.ഇ.ബി ലിമിറ്റഡിനെ സാമ്പത്തിക സുസ്ഥിരതയോടെ നിലനിർത്തുന്നതിനും ഉതകുന്ന തരത്തിലുള്ള താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളാണ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.<br><br>കൂടാതെ ദാരിദ്ര്യ രേഖക്കു താഴെയുള്ള ഉപഭോക്താക്കൾ എൻഡോസൾഫാൻ ദുരിതബാധിതർ, പോളിയോ ബാധിതർ, ജീവൻ രക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നവർ എന്നിവർക്കുള്ള നിലവിലെ ആനുകൂല്യങ്ങൾ തുടർന്നും ലഭ്യമാക്കുന്നതിനുള്ള ശുപാർശകളാണ് റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിക്കപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ